# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*80 — 28.09.2016-ൽ മറുപടിയ്ക്ക്

## 'സാഹിത്യ-സാംസ്കാരിക സ്ഥാപനങ്ങൾ'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ്:<br>ശ്രീ. പുരുഷൻ കടലുണ്ടി:<br>ശ്രീ. എം. മുകേഷ്:<br>ശ്രീ. കെ. സുരേഷ് കുറുപ്പ്: | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ**<br>**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**<br>**സാംസ്കാരികവും പാർലമെന്ററികാര്യവും**<br>**വകുപ്പ് മന്ത്രി** |
| എ) സാമൂഹ്യ-സാംസ്കാരിക രംഗത്ത് ഗുണപ്രദമായി ഇടപെടാൻ കഴിയും വിധം സംസ്ഥാനത്തെ സാഹിത്യ-സാംസ്കാരിക സ്ഥാപനങ്ങളെ സജീവമാക്കാൻ നടപടിയുണ്ടാകുമോ; | എ) സാമൂഹ്യ - സാംസ്കാരിക രംഗങ്ങളിൽ ഗുണ പ്രദമായി ഇടപെടാൻ തക്കവിധം സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ സജ്ജമാക്കുക എന്നത് ഈ സർക്കാരിന്റെ ഉദ്ദേശ്യ ലക്ഷ്യ ങ്ങളിൽ ഒന്നാണ്. മതേതര സംസ്കാരം അനുവർത്തിച്ച് പോരുന്ന നമ്മുടെ സമൂഹത്തെ അതിന്റെ അർത്ഥ വ്യാപ്തി മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിലും വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുന്നതിനും സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ മുന്നോട്ട് കൊണ്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| ബി) മാനവികതയ്ക്കും മതേതര നവോത്ഥാന മൂല്യങ്ങൾക്കുമെതിരെ പ്രതിലോമ ശക്തികൾ നടത്തുന്ന കടന്നാ ക്രമണത്തെ പ്രതിരോധിക്കാൻ ഇത്തരം സ്ഥാപനങ്ങൾക്ക് സാധിക്കാതെ പോകുന്നതിന്റെ കാരണങ്ങൾ വിലയിരുത്താൻ തയ്യാറാകുമോ; | ബി) മാനവികതയ്ക്കും നവോത്ഥാനമൂല്യങ്ങൾക്കുമെതിരേ പ്രതിലോമ ശക്തികൾ നടത്തുന്ന കടന്നാക്രമണം പ്രതിരോധിക്കാൻ സാംസ്കാരിക സ്ഥാപനങ്ങൾ മുൻകൈയെടുത്ത് പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. അതിന്റെ ആദ്യ പടിയാണ് നമുക്ക് ജാതിയോ മതമോ ഇല്ല എന്ന പ്രഖ്യാതമായ ശ്രീനാരായണ ഗുരുവിളംബരത്തിന്റെ 100-ാം വാർഷികം വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആഘോഷിക്കാൻ സർക്കാർ മുൻകൈയ്യെടുത്തത്. ഈ പരിപാടി സംസ്ഥാന മൊട്ടാകെ ചുരുങ്ങിയത് 6000 സ്ഥലങ്ങളി ലെങ്കിലും സംഘടിപ്പിക്കപ്പെടുന്നതാണ്. |

| | |
|---|---|
| സി) സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം ജനകീയമാക്കി ഇവയെ ശക്തിപ്പെടുത്തുവാൻ പദ്ധതിയുണ്ടോ? | സി) സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ/അക്കാദമികൾ എന്നിവ സ്വയം ഭരണ സ്ഥാപനങ്ങളാണ് (കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡും ഒഴികെ). സർക്കാർ അംഗീകരിച്ചിട്ടുള്ള Bylaw/ Memorandum of Association ന്റെ അടിസ്ഥാനത്തിലാണ് ടി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. അതത് സ്ഥാപനങ്ങളുടെ ഭരണ സമിതി എടുക്കുന്ന തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് ദൈനംദിന പ്രവർത്തനങ്ങൾ നടക്കുന്നത്. സാംസ്കാരിക സ്ഥാപനങ്ങൾ സമൂഹത്തിന്റെ അടിത്തട്ടിലേയ്ക്ക് ഇറങ്ങിച്ചെന്ന് ഈ നാട്ടിലെ ഓരോ സാധാരണക്കാരന്റെയും അഭിലാഷങ്ങൾക്കൊത്തു പ്രവർത്തനം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതാണ്.<br><br>ഈ സർക്കാർ 14 ജില്ലകളിലും 40 കോടി രൂപ വീതം ചെലവിൽ സാംസ്കാരിക സമുച്ചയങ്ങൾ പണികഴിപ്പിക്കുന്നതാണ്. ബഡ്ജറ്റിൽ 37 സ്ഥാപനങ്ങൾക്ക് കൂട്ടുതലായി അനാവർത്തന ഗ്രാന്റും 8 സ്ഥാപനങ്ങൾക്ക് ആവർത്തന ഗ്രാന്റ് കൂട്ടുതലായും അനുവദിച്ചു. സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, ഫോക് ലോർ അക്കാദമി എന്നിവയുടെ ബഡ്ജറ്റ് വിഹിതം 50% വർദ്ധിപ്പിച്ചു. ഇത്തരം നടപടികളിലൂടെ സാംസ്കാരിക സ്ഥാപനങ്ങളെ ജനകീയമാക്കാനും ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**